# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആളൂര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P1)- 274/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആളൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P1)- 274/2023 തീയ്യതി: 03/04/2023

## തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമ്മൽ കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.സ്റ്റാൻലി പി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ. ആർ ജോജോ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകാന്ത് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ. എ ജലീന ബാനു | അസി. സെക്രട്ടറി | 01-04-2021 | 30-11-2021 |
| പ്രീതി കെ. എം | അസി. സെക്രട്ടറി | 01-12-2021 | 31-03-2022 |
| സന്ദൂപ് എ. വി | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ടെസി കെ കുരുവിള | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 26-04-2021 |
| ഡോ. ജോൺ കെ. ജെ | സീനിയർ വെറ്ററിനറി സർജൻ | 26-04-2021 | 31-03-2022 |
| ഡോ. ഗ്രേയ്സ് | മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) | 01-04-2021 | 31-03-2022 |
| ഡോ. എഡിസൺ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. റോസ്മോൾ ജോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ജിംസി സി. ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| രാഖി ബാബു. വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| തോമസ് പി. ഒ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സന്തോഷ് സി. എസ് | വി.ഇ.ഒ (കല്ലേറ്റുംകര സർക്കിൾ) | 01-04-2021 | 31-03-2022 |
| ഗീത എൻ. എ | വി.ഇ.ഒ (ആളൂർ സർക്കിൾ) | 01-04-2021 | 31-03-2022 |
| ഗീത എൻ. എ | വി.ഇ.ഒ (കുഴിക്കാട്ടുശ്ശേരി സർക്കിൾ-ഇൻ ചാർജ്ജ്)) | 01-04-2021 | 31-03-2022 |
| നിഷ സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ജിബിന എം. എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 11-11-2021 |
| പ്രമോദ് നായർ | ഫിഷറീസ് ഇൻസ്പെക്ടർ | 11-11-2021 | 31-03-2022 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 18 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | ലഭിക്കാനുള്ള ലൈബ്രറി സെസ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല | 1-10-9 |
| 20 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-10 |
| 21 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-11 |
| 22 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-12 |
| 23 | കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-13 |

| | | |
|---|---|---|
| 24 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-14 |
| 25 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-15 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-16 |
| 27 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-17 |
| 28 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-18 |
| 29 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-10-19 |
| 30 | രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-10-20 |
| 31 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-21 |
| 32 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല. | 1-10-22 |
| 33 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-10-23 |
| 34 | Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകയിൽ വ്യത്യാസം | 1-10-24 |
| 35 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-10-25 |
| 36 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ വർഷാന്ത്യ നീക്കിയിരിപ്പ് ടയൽ ബാലൻസിൽ ഉൾടുത്തിയിട്ടില്ലം | 1-10-26 |
| 37 | വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-27 |
| 38 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല. | 1-10-28 |
| 39 | " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരുന്ന | 1-10-29 |
| 40 | "Directly Credited By Bank" എന്ന ഇനത്തിൽ 17556/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. | 1-10-30 |
| 41 | "Cheques Deposited But Not Credited":ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല | 1-10-31 |
| 42 | രസീതി പരിശോധന - അപാകതകൾ | 1-11 |
| 43 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | 1-12 |
| 44 | വസ്തുനികുതി-അപാകതകൾ | 1-13 |
| 45 | വസ്തുനികുതി പുനർനിർണയിക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| 46 | പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കിയിട്ടില്ല. | 1-15 |
| 47 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്. | 1-16 |
| 48 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സംഘങ്ങൾ, മാവേലി സ്റ്റോറുകൾ, റേഷൻകടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. | 1-17 |
| 49 | 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല. | 1-18 |
| 50 | ലൈസൻസ് നിരസിക്കൽ- അപാകതകളിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 1-19 |
| 51 | 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയിരുന്ന ലൈസൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല. | 1-20 |
| 52 | ബൈലോ തയ്യാറാക്കിയിട്ടില്ല. | 1-21 |
| 53 | കെട്ടിട മുറികൾ ഒഴിവ്- വ്യാപകമായ പ്രചാരണം നല്കേണ്ടതാണ്. | 1-22 |
| 54 | ഫയൽ ഹാജരാക്കിയില്ല. | 1-23 |
| 55 | കെട്ടിട നിർമ്മാണ പെർമിറ്റ്- തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-24 |
| 56 | കെട്ടിട നിർമ്മാണ പെർമിറ്റ്- രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-25 |
| 57 | കെട്ടിട നിർമ്മാണം ക്രമവത്കരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-26 |
| 58 | ക്രമവത്കരിക്കുന്ന കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നില്ല | 1-27 |
| 59 | ഒക്യുപൻസി സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. | 1-28 |
| 60 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-29 |
| 61 | ചട്ടപ്രകാരമുള്ള രീതിയിൽ യു.എ. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 1-30 |
| 62 | ബിൽഡിംഗ് പെർമിറ്റ് ഫയൽ, അപേക്ഷാരജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 1-31 |
| 63 | കല്ലേറ്റുംകര,ആളൂർ മേൽപ്പാലം-ലാമ്പ് പോസ്റ്റുകളുടെ പരിപാലനം ധന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്. | 1-32 |
| 64 | മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 65 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . | 1-34 |
| 66 | എസ്.എസ്.എ.വിഹിതം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. | 1-35 |
| 67 | ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം:പണി പൂർത്തീകരിച്ചിട്ടില്ല. | 1-36 |
| 68 | തൊഴിലുറപ്പ് പദ്ധതിയിൽ - ഭ്രവസ്ത്രം വിനിയോഗം സംബന്ധിച്ച് | 1-37 |
| 69 | വെള്ളക്കരം കുടിശ്ശിക | 1-38 |
| 70 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ | 1-39 |

| | | |
|---|---|---|
| | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം. | |
| 71 | പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-40 |
| 72 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി. | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 19.02.2021, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 271127500 | 267860920 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 04.03.2022 തീരുമാനം നം. 6 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 275624100 | 272125597 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20.10.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 32428444.50 |
| ഓഡിറ്റ് വർഷത്തെ വരവ് | 135927527.00 |
| ആകെ | 168355971.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 147734512.00 |
| നീക്കിയിരിപ്പ് | 20621459.50 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20930534 | 20930534 | 19292704 | 1637830 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11221874 | 11221874 | 10999999 | 221875 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 13200 | 13200 | 0 | 13200 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 19019000 | 19019000 | 17798580 | 1220420 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8769216 | 8769216 | 5681923 | 3087293 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic)(ACR പ്രകാരം) | 0 | 4505000 | 4505000 | 4505000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ACR പ്രകാരം) | 0 | 11683052 | 11683052 | 8262245 | 3420807 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 194 | 168754936 | 158 | 98208621 | 58.19 | 81.44 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 9110200.00 | 2699 |
| വിധവാ പെൻഷൻ | 28107600.00 | 1463 |
| വാർദ്ധക്യകാല പെൻഷൻ | 51831200.00 | 473 |
| വികലാംഗ പെൻഷൻ | 7388400.00 | 384 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2307200.00 | 120 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000.00 | 13*(ബിൽ നം.25/21-22 /14.03.2022) |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4392 | 647380 | 651772 | 651772 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25,648,479 | 25,648,479 | 25,648,479 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിലെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി

പൊരുത്തപ്പെടുന്നില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-01-2023 തീയതിയിൽ 3:25 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19286/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.10/01.02.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5681032 | 5603517 | 26966 | 48798 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5670640 | 5603517 | 24,034 | * 45567 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | ( 350410101- Advance Collection- PT On Res. | *(47845 /105X100)= 45567) (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | | ആർ.പി-45) | Bldg-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5677608 | 5541850 | 34345 | 125002 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5694567 | 5546276 | 38664 | *125002 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 131271/105X100)=125020) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 106792 | 65396 | 41420 |
| വാർഷികകണക്കിലെ | *433516 | 65396 | **34242 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(183207+271985= 455192/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(35954/105X100) |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-5 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ – റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 793443 | 456929 | 336525 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 63170 | 456929 | 336525 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(47577+18751=66328/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(353400/105X100)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-6 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 289055 | 5418 | 294473 | 285326 | 3288 | 288614 | 1394 | 0 | 2457 | 2106 | 4563 |
| | നോൺ-റെസിഡൻഷ്യൽ | 285310 | 39746 | 325056 | 278404 | 22860 | 301264 | 1991 | 0 | 6269 | 16875 | 23144 |
| | ആകെ | | | 619529 | | | 589878 | 3385 | 0 | 27707 | | |

| | | | | | |
|---|---|---|---|---|---|
| | 593889 | 590112 | 0 | 566708 | 27181 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25628+568261 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt Cess/levies...... ലെഡ്ജർ 2021-22) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | (431910101 -State Govt Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, മുൻകൂർ ക്രമീകരിച്ചത്,ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 590112/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 589878/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 566708/- രൂപയാണ്.
(വൗച്ചർ നം.42101405/31.03.2022, 42101406/31.03.2022, 42101408/31.03.2022, 42101410/31.03.2022, (95569+215508+61382+194249=566708))

## 1-10-7 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 747697 | 839982 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential | 180312 | 483573 |

| | | | |
|---|---|---|---|
| | Building | | |

1-10-8 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

01.4.2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ 346 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (31.03.2022 ൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-9 ലഭിക്കാനുള്ള ലൈബ്രറി സെസ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 568470/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 27070/- (568470/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 27181/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-10-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ) | 130100101-Rent From Building | 404,365.00 | 14.11.2021 | 42100759 |
| | കുറവ് ചെയ്തത് | | 88,632.00 | 31.03.2022 | 42101424 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-11 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.6 ഭൂമി പാട്ടം കുടിശ്ശിക രജിസ്റ്റർ

4.7 ഹാൾ,ഓഡിറ്റോറിയം വാടക രജിസ്റ്റർ(എഴുതി സൂക്ഷിക്കുന്നില്ല)

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ) | 3089810 | 3056060 | 2896780 |

## 1-10-12 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 629560 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 378050 |
| 3 | ഭൂമി പാട്ടം | 350410402- Advance Collection Of Revenues-Rent From Lease Of Land | 6624 |

### 1-10-13 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-14 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം "190000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-19) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 727115(734968-7853=727115) |
| 190200101-Prior Period Income -Rent From Buildings | 10183 |
| 190100102-Prior Period Income -Rent From Lease Of Land | 10898(57968-47070=10898) |

### 1-10-15 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ

എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-17 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -11806985/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29890378/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-18 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക(I-17(A)) പ്രകാരം 13423737/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-10-19 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

### 1-10-20 രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 31.03.22 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

### 1-10-21 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിന് എ.സി.ആർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-10-22 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക്

അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | 3012119000251(Canara Bank) | 134500 |
| 2 | 450210101 | 40293101035748(Kerala Gramin Bank) | 14924 |
| 3 | 450210101 | Nationalised Bank Account Of Own Revenue Fund | 16788 |
| 4 | 450210102 | Co-operative Bank Account Of Own Revenue Fund | 59444 |
| 5 | 450210104 | 799011400001298(Treasury) | 127560 |

1-10-23 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ 87435162/- എന്ന അതേ തുക തന്നെയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-10-24 Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകയിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/2022 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 8106583/-രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 10195748/-രൂപ യാണ്.

1-10-25 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 250213988 |
| ആകെ ചെലവ് (B) | | 243776065 |
| മിച്ചം തുക C= A-B | | 6437923 |
| Prior Period Income | 888164 | |
| Prior Period Expenditure | (-)180 | |
| Net Difference Between Prior Period Income And Expenses | 888344 | |

| | | |
|---|---|---|
| ( D ) | | |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 6437923+888344 | 7326267 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ 6437923 ൽ നിന്നും 888344 കുറച്ചപ്പോൾ ലഭിച്ച 7325907/-രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 7326267/- രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 47128587.50 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 7326267 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 54454854.50 |

## 1-10-26 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ വർഷാന്ത്യ നീക്കിയിരിപ്പ് ട്രയൽ ബാലൻസിൽ ഉൾടുത്തിയിട്ടില്ലം

290800401 ശീർഷകത്തിൽ Prior Period Expenses- Intrest And Finance Charges-ൽ (-)180 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 Prior Period Expenditure-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഈ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകൾ ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഈ തുകകൾ ഉൾപ്പെടുത്താതിരുന്നതിലുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-10-27 വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിധവകളുടെ പെൺമക്കൾക്ക് 30000/-രൂപ വീതം ധനസഹായം ഇനത്തിൽ 13 പേർക്ക് 390000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. (ബിൽ നം. 25/21-22/14.03.2022). എന്നാൽ ഈ തുക വാർഷികകണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

## 1-10-28 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | Co-operative Bank Accont Of Own | ലഭ്യമല്ല. | 01.04.2021 മുതൽ 31.03.2022 വരെ |

| | | | |
|---|---|---|---|
| | Revenue Fund | | |
| 2 | Nationalised Bank Accont Of Own Revenue Fund | ലഭ്യമല്ല. | 01.04.2021 മുതൽ 31.03.2022 വരെ |

1-10-29 " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരുന്ന

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 20-08-2021 | 18,900.00 | CanaraBank KALLETUMKARA BRANCH (TRICHUR DIST)( 3012101057267 ) |
| 20-08-2021 | 6,489.00 | |
| 20-08-2021 | 18,900.00 | |
| | 44289 | |
| 31-12-2021 | 18.00 | CANARA BANK KALLETTUMKARA (3012119000251 ) |
| 31-07-2021 | 18.00 | |

1-10-30 "Directly Credited By Bank" എന്ന ഇനത്തിൽ 17556/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

"Directly Credited By Bank" എന്ന ഇനത്തിൽ 17556/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 30-06-2021 | 5,555.00 | CANARA BANK KALLETTUMKARA (3012119000251) |
| 31-07-2021 | 889.00 | |
| 31-07-2021 | 10,000.00 | |
| 31-01-2022 | 1,112.00 | |
| ആകെ | 17556 | |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-10-31 "Cheques Deposited But Not Credited":ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 184880/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്തിട്ടില്ല. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 17-09-2021 | 94.00 | Canara Bank KALLETUMKARA BRANCH (TRICHUR DIST) (3012101057267 ) |
| 03-11-2021 | 1,250.00 | CANARA BANK KALLETTUMKARA (3012119000251 ) |
| 19-01-2022 | 1,702.00 | |
| 03-11-2021 | 45,385.00 | |
| 29-12-2021 | 51,035.00 | |
| 22-12-2021 | 1,233.00 | |
| 03-11-2021 | 51,450.00 | |
| 02-11-2021 | 32,731.00 | State Bank Of India IRINJALAKUDA (37214793367 |
| ആകെ | 184880 | |

## 1-11 രസീതി പരിശോധന - അപാകതകൾ

I) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബയോബിൻ കമ്പോസ്റ്റ് ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുവാനായി ഉപയോഗിച്ച രസീത് ബുക്ക് നമ്പർ :1483, 1489 എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) രസീതി ബുക്ക് നമ്പർ 1483 ൽ ബയോബിൻ കമ്പോസ്റ്റ് ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുവാനായി ഉപയോഗിച്ച താഴെ പറയുന്ന രസീതികളുടെ അസ്സൽ പരിശോധനയ്ക്ക് ലഭ്യമായില്ല, പകരം പകർപ്പുകളാണ് പരിശോധനയ്ക്ക് ലഭ്യമായത്.

| രസീതി നം | തീയതി |
|---|---|
| 1 മുതൽ 6 വരെ | 4/12/2021 |
| 23 മുതൽ 26 വരെ | 9/12/2021 |
| രസീതി നം. 27 | 13/12/2021 |
| 28 മുതൽ 34 വരെ | 17/12/2021 |
| രസീതി നം. 47 | 23/12/2021 |
| രസീതി നം. 78,79 | 30/12/2021 |
| രസീതി നം. 80 | 31/12/2021 |
| രസീതി നം. 82 | 10/1/2022 |
| രസീതി നം. 86,87 | 17/1/2022 |

B) കളക്ഷൻ രജിസ്റ്ററിൽ രസീതി ബുക്ക് നമ്പർ, രസീതി നമ്പർ, തീയതി, തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല, ഗുണഭോക്താക്കളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഉദാ :- കളക്ഷൻ രജിസ്റ്റർ പേജ് നമ്പറുകൾ : 2,6,15,17,18,20,21,22

C) രസീതികൾ പ്രകാരം ഈടാക്കിയ തുകകൾ അടവാക്കിയതു സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന

അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| രസീതി ബുക്ക് നം. | രസീതി നം./തുക ഈടാക്കിയ തീയതി | തുക സ്ഥാപനത്തിൽ അടവാക്കിയ വിവരം |
|---|---|---|
| 1489 | 20 മുതൽ 57 വരെ/22.2.2022 | 1210204751/21.2.2022 |
| 1489 | 1 മുതൽ 19വരെ/22.2.2022 | 1210204534/16.2.2022 |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നമ്പർ:6, തീയതി :31/01/2023) പകർപ്പ് രസീതിക്കു പകരം അസ്സൽ രസീതി ഗുണഭോക്താവിന് കൊടുത്തുപോയതാണെന്നും കളക്ഷൻ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താൻ ജോലി തിരക്കുമൂലം വിട്ടുപോയതാണെന്നും രസീതികൾ പ്രകാരം ഈടാക്കിയ തുകകൾ അടവാക്കിയതു സംബന്ധിച്ച അപാകത രസീതി ബുക്കിൽ രേഖപ്പെടുത്തിയ തീയതി തെറ്റി പോയതിനാൽ സംഭവിച്ചതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

II) കൃഷി ഓഫീസർക്ക് നല്കിയ രസീത് ബുക്ക് നമ്പർ :1487, 1488 എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നം. | രസീതി |
|---|---|
| 1487 | 1 മുതൽ 100 വരെയുള്ള രസീതികൾ |
| 1488 | 1 മുതൽ 73 വരെയുള്ള രസീതികൾ |

മേൽ രസീതികളിലായി ജൈവ കീടനാശിനി, ഗ്രോബാഗ് ഗുണഭോക്തൃ വിഹിതം ഇനത്തിൽ 90000/- രൂപ ഈടാക്കിയിട്ടുണ്ട്, എന്നാൽ ടി രസീതികളിൽ തീയതി രേഖപ്പെടുത്താതെയാണ് തുക ഈടാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നമ്പർ:7, തീയതി :31/01/2023) 31/1/2022 തീയതിയിലാണ് ഗുണഭോക്താക്കളിൽ നിന്നും തുക കൈപ്പറ്റിയതെന്നും 1/2/2022 ന് സ്ഥാപനത്തിൽ തുക അടവാക്കിയെന്നും അറിയിച്ചിട്ടുണ്ട്.
നിർവഹണഉദ്യോഗസ്ഥർ പഞ്ചായത്തിനുവേണ്ടി പണം സ്വീകരിക്കുമ്പോൾ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(2) സി യിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല.

1.ഗ്രിന്റോ വർഗ്ഗീസ്

2. റോജോ ജോസ്

3. ജിയോ പോൾ

4.റോയ് എ. കെ

5. ജോഷി എ.കെ

6.എം.വി.ജോസ്

തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നമ്പർ.11/2.2.2023) ക്രമനമ്പർ 3 മുതൽ 6 വരെയുള്ളവർക്ക് തൊഴിൽനികുതി

അടവാക്കുന്നത് സംബന്ധിച്ച് നോട്ടീസ് നല്കിയിട്ടുണ്ടെന്നും ഗ്രിന്റോ വർഗ്ഗീസ്, റോജോ ജോസ് എന്നിവർ വേറെ പഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രിന്റോ വർഗ്ഗീസ്, റോജോ ജോസ് എന്നിവർ തൊഴിൽനികുതി അടവാക്കിയതിന്റെ രസീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ക്രമനമ്പർ 3 മുതൽ 6 വരെയുള്ളവരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി-അപാകതകൾ

1.കെട്ടിടങ്ങളുടെ വിവരങ്ങളിൽ അവ്യക്തത - പരിശോധിക്കേണ്ടതാണ്

30/3/2021 ലെ A5-BA(100328)2021 നമ്പർ പെർമിറ്റ് പ്രകാരം ദേവസ്സി, കോലങ്കണ്ണി വീട്, എന്നവർക്ക് 74.86എം$^2$ വിസ്തീർണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കിയിരുന്നു. ടിയാൻ സമർപ്പിച്ച പ്ലാനിൽ Existing Shop (XIV/129) - 127.05 എം$^2$, Existing Toilet - 11.16 എം$^2$ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള 127.05 എം$^2$ വിസ്തീർണമുള്ള കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ വസ്തുനികുതി നിർണയ വിവരങ്ങൾ പ്രകാരം കെട്ടിടത്തിന്റെ സ്റ്റാറ്റസ് ഡെമോളിഷ്ഡ് എന്ന് രേഖപ്പെടുത്തി കാണുന്നു. കൂടാതെ കെട്ടിടയുടമ സമർപ്പിച്ച പ്ലാനിൽ 268.29എം$^2$ വിസ്തീർണമുള്ള മറ്റൊരു കെട്ടിടം Under Construction എന്നും, സ്ഥാപനം അനുവദിച്ച പെർമിറ്റിൽ ടി കെട്ടിടം Existing Building എന്നും രേഖപ്പെടുത്തി കാണുന്നു. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നമ്പർ:15, തീയതി :3/2/2023) പെർമിറ്റ് പുനപരിശോധിച്ച് കെട്ടിടങ്ങൾ സംബന്ധിച്ച വ്യക്തത വരുത്തി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരങ്ങൾ ഉറപ്പാക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2.സഞ്ചയ സോഫ്റ്റ്‌വെയർ, പ്ലാൻ എന്നിവയിലെ വിസ്തീർണ്ണങ്ങൾ പൊരുത്തപ്പെടുന്നില്ല

നമ്പറിങ്ങ് ഫയൽ പരിശോധനയിൽ ഫയലിൽ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണവും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല .

| കെട്ടിട നമ്പർ | വിസ്തീർണ്ണം(പ്ലാൻ പ്രകാരം) | വിസ്തീർണ്ണം(സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം) |
|---|---|---|
| VI/54(പാർപ്പിടം) | 235.51എം$^2$ | 223 എം$^2$ |
| IX/565(പാർപ്പിടം) | 64.42എം$^2$ | 56എം$^2$ |
| XXIII/683A(വാണിജ്യം) | 60എം$^2$ | 45.82എം$^2$ |

വിസ്തീർണ്ണത്തിലുള്ള വ്യത്യാസം പരിശോധിക്കേണ്ടതും ചട്ടപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.22/4-2-2023)

3.നമ്പറിങ്ങ്ഫയൽ പരിശോധനയിൽ പെർമിറ്റില്ലാതെ/പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണത്തിന് റെഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നം.22/4-2-2023) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | റഗുലറൈസ് ചെയ്യേണ്ട വിസ്തീർണ്ണം |
|---|---|
| XVI/382A | 23.52എം$^2$ |
| XVI/142A | 23.12എം$^2$ |
| XII/500Z | 182.91എം$^2$ |
| XVII/92A &XVII/92B | 50.75എം$^2$ |
| IX/565A | 44.87എം$^2$ |
| XIX/76A,B,C,D | 12.85എം$^2$ |

| | |
|---|---|
| IX/276A | 38.39എം$^2$ |

## 1-14 വസ്തുനികുതി പുനർനിർണയിക്കേണ്ടതാണ്

1. ഫയൽ നമ്പർ :SC3-853/2021

ഫയൽ പരിശോധനയിൽ 124.19 എം$^2$ വിസ്തീർണമുള്ള കെട്ടിടത്തിന് (Office Of Computer Based Automation Electronics &Instrumentation) ചതുരശ്രമീറ്ററിന് 55 രൂപ നിരക്കിൽ നികുതി നിർണയിക്കുകയും 17/92A (Ground Floor-64.08എം$^2$), 17/92B (First Floor-60.11എം$^2$) എന്നിങ്ങനെ നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടയുടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ 17/92A എന്ന നമ്പർ അനുവദിച്ച 64.08എം$^2$ വിസ്തീർണമുള്ള കെട്ടിടത്തിൽ (Ground Floor) Centralised A/C ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ നികുതി നിർണയിച്ചപ്പോൾ അതിൻപ്രകാരമുള്ള വർദ്ധന ഉൾപ്പെടുത്തിയിട്ടില്ല. നിലവിലെ നികുതി നിർണയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | 17/92A |
|---|---|
| തറ വിസ്തീർണ്ണം | 64.08എം$^2$ |
| മേഖല | പ്രഥമം |
| വസ്തുനികുതി 55 രൂപാനിരക്കിൽ | 3524.4 രൂപ |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20% | 704.88രൂപ |
| ഇളവുകൾ | ഇല്ല |
| വാർഷിക വസ്തുനികുതി | 4230രൂപ |
| ഗ്രന്ഥശാല വരി | 212 രൂപ |
| ആകെ | 4442 രൂപ |

അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് Centralised A/C ക്കുള്ള വർദ്ധനവ് കൂടി ഉൾപ്പെടുത്തി നികുതി പുനർനിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ:15, തീയതി :3/02/2023) തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.ഫയൽ നമ്പർ :SC3-3509/2021

ഫയൽ പരിശോധനയിൽ 124.16 എം$^2$ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്,ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 23/683F, 23/683E എന്നിങ്ങനെ നമ്പർ അനുവദിക്കുകയും ചതുരശ്രമീറ്ററിന് 45 രൂപ നിരക്കിൽ നികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 100 ച.മീറ്ററിൽ കൂടുതൽ ആയിരിക്കെ മേൽ സൂചിപ്പിച്ച ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.15/3.2.2023) ടി കെട്ടിടങ്ങളെ 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കിയിട്ടില്ല.

ഫാക്ടറി- വ്യാപാര- മറ്റ് സംരംഭക ലൈസൻസ് നൽകിയിട്ടുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | സ്ഥാപനം | ഉടമ |
|---|---|---|
| 1 | സാകല്യം ഹോമിയോപ്പതി | ഡോ. വി.ജെ. |

| | | |
|---|---|---|
| | ക്ലിനിക് | പത്മനാഭൻ |
| 2 | ക്ലിനിക് | ഡോ. ജിയോ ജോർജ് മംഗലൻ |
| 3 | ഡെന്റൽ ക്ലിനിക് | സൂരജ് ബാബു കക്കര |
| 4 | ക്ലിനിക്കൽ ലാബ് | അരുണിമ പ്രവീൺ |

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം. 8/ 31.01.2023) നൽകിയതിനെ തുടർന്ന് ടി സ്ഥാപനങ്ങൾ 2021-22 വർഷത്തെ രജിസ്ട്രേഷൻ ഫീസ് അടവാക്കുകയും ആയതിന്റെ രശീതികൾ ഹാജരാക്കുകയും ചെയ്തു.

കേരള പഞ്ചായത്ത് രാജ് ആക്ട്- വകുപ്പ് 270 പ്രകാരം രജിസ്റ്റർ ചെയ്യാതെയും പുതുക്കാതെയും യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതാണ്

## 1-16 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്.

2020-21 വർഷത്തേയ്ക്ക് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുള്ള ശ്രീ. പ്രദീപ് കുമാർ, വടക്കേടത്ത് എന്നവർ 2021-22 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 8/ 31.01.2023) 2021-22 വർഷത്തിൽ കോവിഡ് മൂലം ഫാം പ്രവർത്തിച്ചിട്ടില്ലെന്നും 2022-23 വർഷത്തേക്ക് 02.02.2023 തീയതിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മറുപടി നല്കിയത്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്നാണ് ടിയാൻ ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

വെറ്ററിനറി സർജൻ നല്കിയ രേഖകൾ പ്രകാരം താഴെ ചേർക്കുന്ന വ്യക്തികളുടെ ഉടമസ്ഥതയിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി ഫാമുകൾ 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) - ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

കോഴി ഫാം

| ക്രമ നം. | ഉടമ | വാർഡ് | എണ്ണം |
|---|---|---|---|
| 1 | സജീവൻ ആളുപറമ്പിൽ | 13 | 4000 |
| 2 | ഷാജു മൂത്തേടത്ത് കുഴിക്കാട്ടുശ്ശേരി | 13 | 4000 |
| 3 | അനിൽ പീണിക്ക ഷോളയാർ | 21 | 2500 |
| 4 | സുരേഷ് കൊല്ലം പറമ്പിൽ | 10 | 3030 |
| 5 | ബിന്ദു വെളിയത്ത് തിരുത്തിപറമ്പ് | 10 | 3000 |
| 6 | സജിത ചന്ദ്രൻ കൊല്ലംപറമ്പിൽ തിരുത്തിപറമ്പ് | 10 | 3000 |
| 7 | അശോകൻ കൊല്ലംപറമ്പിൽ തിരുത്തിപറമ്പ് | 10 | 1500 |
| 8 | സുബ്രഹ്മണ്യൻ കൊല്ലംപറമ്പിൽ തിരുത്തിപറമ്പ് | 9 | 2000 |
| 9 | സുരേന്ദ്രൻ മൂത്തേടത്ത് കുഴിക്കാട്ടുശ്ശേരി | 13 | 2000 |

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) - ചട്ടം 3 പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതൽ എണ്ണം കന്നുകാലികളെ വളർത്തുന്നതോ, നൂറു പക്ഷികളിൽ കൂടുതൽ എണ്ണം വളർത്തുന്നതോ, വളർത്താൻ ഉദ്ദേശിച്ചുള്ളതോ ആയ ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിന് സെക്രട്ടറി ലൈസൻസ് നല്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ആവശ്യമായ ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലെന്നും നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സംഘങ്ങൾ, മാവേലി

സ്റ്റോറുകൾ, റേഷൻകടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സംഘങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. കല്ലേറ്റുംകര ക്ഷീരോത്പാദക സംഘം
2. ആളൂർ ക്ഷീരോത്പാദക സംഘം
3. പൊരുന്നക്കുന്ന് ക്ഷീരോത്പാദക സംഘം
4. താഴെക്കാട് ക്ഷീരോത്പാദക സംഘം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സംഘങ്ങൾ, മാവേലി സ്റ്റോറുകൾ, റേഷൻകടകൾ എന്നിവക്ക് ലൈസൻസ് എടുത്തതിന്റെയും തൊഴിൽ നികുതി അടവാക്കിയതിന്റെയും വിവരങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (8/31.01.2023) നൽകിയതിന് 2021-22 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ലെന്നും തൊഴിൽകരം അടവാക്കിയിട്ടില്ലെന്നുമാണ് മറുപടി നൽകിയത്. എല്ലാ ക്ഷീരോത്പാദക സംഘങ്ങൾക്കും റേഷൻകടകൾക്കും (10 എണ്ണം) ലൈസൻസ് എടുക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും മാവേലി സ്റ്റോറുകളുടെ എണ്ണം കൃത്യമായി അറിയില്ലെന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-18 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല.

2021-22 വർഷ കാലയളവിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതിൽ താഴെ ചേർക്കുന്ന ലൈസൻസികൾ ഫാക്ടറി - വ്യാപാര - സംരംഭക ലൈസൻസ് എടുത്തിട്ടില്ല. വ്യാപാരത്തിന്റെ വിവരം രജിസ്റ്ററിലോ വാടക കരാറിലോ രേഖപ്പെടുത്തിയിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കെട്ടിട നം | ലൈസൻസി |
|---|---|---|
| 1. | 3/341 | സുൽഫി കരിപറമ്പിൽ |
| 2. | 3/342, നം. രേഖപ്പെടുത്തിയിട്ടില്ല (2 മുറികൾ) | എൻ.കെ ശങ്കരൻ ഞാറ്റുവെട്ടി |
| 3. | 3/345 | കെ.ജി.ഗോപാലൻ, കാര്യങ്ങാട്ടിൽ |
| 4. | 17/237,238,239,240 | അജയൻ പരുത്തിയേഴ്സ് |
| 5. | 17/174 | റംല താജുദ്ദീൻ മതിലകത്ത് |
| 6. | 17/171 | പി.എ. ജോസഫ് പുല്ലു പറമ്പിൽ |
| 7. | 17/172 | ഗോപി തേറാട്ടിൽ |
| 8. | നം. രേഖപ്പെടുത്തിയിട്ടില്ല | എ.ജെ. സ്റ്റീഫൻ, അച്ചാണ്ടി |
| 9. | 14/777 | പ്രസാദ് പോത്തോളി |
| 10. | നം. രേഖപ്പെടുത്തിയിട്ടില്ല | നൗഷാദ് തറയ്ക്കൽ |
| 11. | നം. രേഖപ്പെടുത്തിയിട്ടില്ല | പി.ടി. ജോബി പുന്നേലി പറമ്പിൽ |
| 12. | 14/775 | സുതൻ നമ്പാടൻ |

| | | |
|---|---|---|
| 13. | 14/774 | വീണ രാജ്കുമാർ നമ്പൂതിരി ഇരിങ്ങാലപ്പിള്ളി മന |
| 14. | 14/772 | സജീർ മനകുളങ്ങര പറമ്പിൽ |
| 15. | 14/771, 770 | സി.എൻ പ്രകാശൻ ചൂരക്കാടൻ |
| 16. | 14/587 | ആവണി ആക്ടിവിറ്റി ഗ്രൂപ്പ് |
| 17. | 17/249 | ടി. ഇ . ജോർജ് തുളുവത്ത് |
| 18. | 14/583 | പുതുമ പുരുഷ സ്വയം സഹായ സംഘം |
| 19. | 19/277 | പോളി വി.വി., വറോക്കി |
| 20. | 19/272 | പി.എസ്. ജാഫർ, പുത്തങ്ങാടിക്കാരൻ |
| 21. | 19/276 | ഷക്കീർ ചെമ്പേത്ത് പറമ്പിൽ |

ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 4/30.01.2023) ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കാൻ നിർദ്ദേശിച്ച് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി നൽകിയത്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ തന്നെ ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഫീൽഡ് പരിശോധന നടത്തി കേരള പഞ്ചായത്ത് രാജ് ആക്ട് - സെക്ഷൻ 232 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും, ലൈസൻസ് എടുപ്പിക്കേണ്ടതും, അല്ലാത്ത പക്ഷം ആയതിനുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ ഒഴിവാക്കേണ്ടതും വരുമാന ചോർച്ച തടയേണ്ടതുമാണ്.

## 1-19 ലൈസൻസ് നിരസിക്കൽ- അപാകതകളിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1.ഫാക്ടറി -വ്യാപാര ലൈസൻസ് അപേക്ഷ ക്രമ നം. 900 പ്രകാരം സുരേഷ് കുമാർ കെ.എസ്, കോച്ചേരി എന്ന വ്യക്തി 'കോച്ചേരി ആയുർ ഫുഡ്സ്' (സർബത്ത്, ജ്യൂസ്, ഫാസ്റ്റ് ഫുഡ്) എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. 04.03.2022 ലെ SC2-2141/ 2022 നം. കത്ത് പ്രകാരം 11/489 നം. കെട്ടിടം താമസ വിഭാഗത്തിൽ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും ആയത് വ്യാപാരാവശ്യമാക്കി മാറ്റിയാൽ മാത്രമേ ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനം ഒക്യുപൻസി മാറ്റിയതിന്റെയും നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/ 31.01.2023)

ഓഡിറ്റ് എൻക്വയറി നൽകിയതിന് ഒക്യുപൻസി മാറ്റിയിട്ടില്ലെന്നും ലൈസൻസ് നല്കിയിട്ടില്ലെന്നുമാണ് മറുപടി നൽകിയത്. ടി സ്ഥലം പരിശോധന നടത്തിയതിനുശേഷം സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഫാക്ടറി -വ്യാപാര ലൈസൻസ് അപേക്ഷ ക്രമ നം. 875 പ്രകാരം ലവിൻ പി.എസ്, പാണാട്ടു വീട് എന്ന വ്യക്തി 'വെങ്കടേശ്വര ട്രേഡിംഗ് കമ്പനി, കുഴിക്കാട്ടുശ്ശേരി' (വെളിച്ചെണ്ണ പാക്ക് ചെയ്തു വില്പന ) എന്ന സ്ഥാപനം (കെട്ടിട നം. - 13/74) നടത്തുന്നതിന് ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. 10.02.2022 ലെ SC2-944/ 2022 നം. കത്ത് പ്രകാരം വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 13/74 നം. കെട്ടിടം താമസ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും സ്ഥല പരിശോധനയിൽ ടി കെട്ടിടം നിലവിൽ ഓഫീസായി ഉപയോഗിക്കുന്നുണ്ടെന്നും

ഉപയോഗ ക്രമം മാറ്റാനും അറിയിച്ചിട്ടുണ്ട്. കൂടാതെ 13/74 A നം. കെട്ടിടം വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 15.2 ച.മീ. തറ വിസ്തീർണമുള്ള ഓഫീസാണെന്നും ടി കെട്ടിടത്തോട് ചേർന്ന് 464.8 ച.മീ. തറവിസ്തീർണത്തിൽ ഒരു ഷെഡ് നിർമ്മിച്ചതായും 13/74 A നം. കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റി കൂട്ടതലായി പണിത നിർമ്മാണം റഗുലറൈസ് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനം ഒക്യുപൻസി മാറ്റിയതിന്റെയും നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു.

(ഓഡിറ്റ് എൻക്വയറി നം. 8/ 31.01.2023)

ഓഡിറ്റ് എൻക്വയറി നൽകിയതിന് ഒക്യുപൻസി മാറ്റിയിട്ടില്ലെന്നും ലൈസൻസ് നല്കിയിട്ടില്ലെന്നുമാണ് മറുപടി നൽകിയത്. ടി സ്ഥലം പരിശോധന നടത്തിയതിനുശേഷം സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. മീറ്റ് സ്റ്റാൾ

ഫാക്ടറി -വ്യാപാര ലൈസൻസ് അപേക്ഷ ക്രമ നം. 756 പ്രകാരം സന്ദീപ് പി.എം. പാണപ്പറമ്പിൽ എന്ന വ്യക്തി മീറ്റ് സ്റ്റാൾ (കെട്ടിട നം. -17/126) നടത്തുന്നതിന് ലൈസൻസിന് 02.09.2021 ൽ അപേക്ഷിച്ചിട്ടുണ്ട്. 09.09.2021 ൽ ടിയാന് ലൈസൻസ് അനുവദിക്കുന്നതല്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് അപേക്ഷയോടൊപ്പം ലേ ഔട്ട് പ്ലാൻ, ലിസ്റ്റ് ഓഫ് മെഷീനറീസ്, PCB അനുമതി, Fssai സർട്ടിഫിക്കറ്റ്, ഹെൽത്ത് സർട്ടിഫിക്കറ്റ്, മാലിന്യ നിർമ്മാർജന വിവരങ്ങൾ എന്നിവ ഹാജരാക്കാത്തതിനാലാണ് അപേക്ഷ നിരസിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

ടി സ്ഥലം പരിശോധന നടത്തിയതിനുശേഷം സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ ഫീൽഡ് തലത്തിൽ പരിശോധന നടത്തി അനധികൃത മാംസവിൽപ്പനശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയിരുന്ന ലൈസൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല.

2021-22 വർഷ കാലയളവിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതിൽ താഴെ ചേർക്കുന്ന ലൈസൻസികൾ തൻ വർഷത്തിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല.

| ക്രമ നം. | ലൈസൻസി |
|---|---|
| 1. | സുൽഫി കരിപറമ്പിൽ |
| 2. | കെ.കെ. സദാശിവൻ കാര്യങ്ങാട്ടിൽ |
| 3. | കെ.കെ. തങ്കപ്പൻ കാര്യങ്ങാട്ടിൽ |
| 4. | കെ.ജി.ഗോപാലൻ, കാര്യങ്ങാട്ടിൽ |
| 5. | വൽസ ശിവരാമൻ പാലത്തിങ്കൽ |
| 6. | വനിതാ കാന്റീൻ കുടുംബശ്രീ |
| 7. | പ്രസാദ് പോത്തോളി |
| 8. | പി.ടി. ജോബി പുന്നേലി പറമ്പിൽ |
| 9. | വീണ രാജ്കുമാർ നമ്പൂതിരി ഇരിങ്ങാലപ്പിള്ളി മന |
| 10. | സജീർ മനകുളങ്ങര പറമ്പിൽ |
| 11. | സി.എൻ പ്രകാശൻ ചൂരക്കാടൻ |
| 12. | പോളി വി.വി., വറോക്കി |

| | |
|---|---|
| 13. | പി.എസ്. ജാഫർ, പുത്തങ്ങാടിക്കാരൻ |
| 14. | ഷക്കീർ ചെമ്പേത്ത് പറമ്പിൽ |

കൂടാതെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളവയിൽ ലൈസൻസികൾ ഒപ്പുവെച്ചിട്ടുള്ള കരാറുകളിൽ കരാർ വ്യവസ്ഥകൾ (കെട്ടിടനമ്പർ, വാടക നിരക്ക്, ഫീസ് അടവാക്കേണ്ട സമയം, പിഴ എന്നിവ) രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഒപ്പു വെച്ച കരാറുകൾ സാധുതയില്ലാത്തതാണ്.

ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 04/ 30.01.2023) 2022-23 വർഷത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ടെന്നും, 2021-22 വർഷത്തിലെ വാടക മുഴുവനായും അടവാക്കിയിട്ടുണ്ടെന്നും, കരാർ വ്യവസ്ഥകൾ എഴുതിചേർക്കുന്നതാണെന്നുമാണ് മറുപടി നല്കിയത്.

ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ എടുത്തിട്ടുള്ള എല്ലാ ലൈസൻസികളും കെട്ടിടത്തിന്റെ ഉപയോഗം, കൈവശം വെയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ, വാടക/ഫീസിന്റെ നിരക്ക്, അടവാക്കേണ്ട സമയം എന്നിവ സംബന്ധിച്ച് ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ - ചട്ടം 7(2)). കൂടാതെ കരാർ വ്യവസ്ഥകൾ പൂർണ്ണമായും എഴുതി ചേർക്കാതെയും സെക്രട്ടറി മുമ്പാകെ നേരിട്ട് ഹാജരായി കരാർ ഒപ്പുവെയ്ക്കാതെയുമുള്ള സംഗതികളിൽ കെട്ടിടങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതിനും കീഴ്‌വാടകയ്ക്ക് നൽകപ്പെടുന്നതിനും സാധ്യതയുള്ളതിനാൽ കൃത്യമായി കരാറിലേർപ്പെടുന്നതിനും വ്യാപാര ലൈസൻസ് എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിൽ വാടകയ്ക്ക് നല്കിയവരുടെ കാര്യത്തിൽ വാടക കാലാവധി കഴിയുന്നതോടെ വാടക കെട്ടിടം തിരിച്ചേല്പിക്കേണ്ടതാണ്. ആയത് പുതുക്കാത്തവരുടെയും കരാർ ഉടമ്പടി ഒപ്പു വയ്ക്കാത്തവരുടെയും കാര്യത്തിൽ വാടകക്കാരെ കയ്യൊഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ബൈലോ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ(കല്ലേറ്റുംകര ഷോപ്പിംഗ് കോംപ്ലക്സ്, കൊമ്പിടിഞ്ഞാമാക്കൽ ഷോപ്പിംഗ് കോംപ്ലക്സ്, ആളൂർ മാർക്കറ്റിലെ കെട്ടിടമുറികൾ) , വെള്ളാഞ്ചിറ, കണ്ണിക്കര എന്നീ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി പാട്ടത്തിനു നൽകൽ, വിവിധ ഹാളുകൾ എന്നിവയുടെ നടത്തിപ്പ്, പരിപാലന ചുമതല, ലൈസൻസ് നല്കുന്നതിലെ വ്യവസ്ഥകൾ, അവയുടെ ഉപയോഗത്തിനും കൈവശം വെയ്ക്കുന്നതിനുമുള്ള ഫീസ് എന്നിവ സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 4/30.01.2023)

## 1-22 കെട്ടിട മുറികൾ ഒഴിവ്- വ്യാപകമായ പ്രചാരണം നല്കേണ്ടതാണ്.

ആളൂർ മാർക്കറ്റിലെ 19/271,19/274 നം. കെട്ടിടമുറികൾ ഒഴിവായതിനാൽ ഡെപ്പോസിറ്റുകൾ തിരികെ നല്കുന്നതിനും മുറികൾ വീണ്ടും ലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം. 6(1),7(1) തീയതി 20.04.2021). 19/273, 19/275 മുറികളും നിലവിൽ ഒഴിവാണ്. ടി മുറികൾ വാടകയ്ക്ക് നൽകുന്നതിനായി 18.6.2022, 10.08.2022 തീയതികളിലായി ലേലം നടത്തിയെന്നും ലേലത്തിന് ആരും ഹാജരാകാത്തതിനാൽ ലേലത്തിൽ പോയിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതും, ലേലത്തിന് വ്യാപകമായ പ്രചാരണം നൽകേണ്ടതും കെട്ടിടത്തിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 4/30.01.2023)

## 1-23 ഫയൽ ഹാജരാക്കിയില്ല.

11.5.21 ലെ 11(1) നം. ഭരണസമിതി തീരുമാന പ്രകാരം വിവിധ പ്രവൃത്തികളിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം അറിയിക്കാനും ഫയൽ (A2-875/2020) ഹാജരാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 4/30.01.2023 ക്രമനം. IX) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഫയൽ ലഭ്യമാക്കാത്തതിനാൽ തുടർനടപടി പരിശോധിക്കാനോ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിക്കാനോ സാധിച്ചിട്ടില്ല.

## 1-24 കെട്ടിട നിർമ്മാണ പെർമിറ്റ്- തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഫയൽ നം. 4654/2021

ആളൂർ ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിൽ ജി1- വിഭാഗത്തിൽ ഉൾപ്പെടുന്ന 686.09 ച.മീ. തറവിസ്തീർണമുള്ള കെട്ടിടം (അക്വേറിയം - ഫിഷ് ഫാം) നിർമ്മിക്കുന്നതിന് 02.07.2021 ൽ പോൾ പാലത്തിങ്കൽ എന്നവർ അപേക്ഷ നൽകിയിട്ടുണ്ട്. 04.08.21 ലെ 8/8 തീരുമാന പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ പത്രം ഹാജരാക്കണമെന്ന നിബന്ധനയിൽ പെർമിറ്റ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ /ഫയൽ എന്നിവ പ്രകാരം പെർമിറ്റ് അനുവദിച്ചതിന്റെയോ നിരസിച്ചതിന്റെയോ രേഖപ്പെടുത്തലില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ - ചട്ടം 12 പ്രകാരം ചട്ടങ്ങൾ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സെക്രട്ടറി രേഖാമൂലമായ ഉത്തരവിൽ സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ അല്ലെങ്കിൽ 11-ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ നിരാകരിക്കുകയോ ചെയ്യേണ്ടതാണ്. ടി ഫയലിൽ തുടർ നടപടി സ്വീകരിച്ചതിന്റെ (പെർമിറ്റ് നൽകിയത്/നിരാകരിച്ചത് /റദ്ദുചെയ്തത്) വിവരം അറിയിക്കേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/04.02.2023)

## 1-25 കെട്ടിട നിർമ്മാണ പെർമിറ്റ്- രേഖകൾ ഹാജരാക്കേണ്ടതാണ്.

താഴെചേർക്കുന്ന ജി1- കാറ്റഗറിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പെർമിറ്റ് വിവരം | ഉടമ | തറവിസ്തീർണം(ച.മീ) | വിനിയോഗം |
|---|---|---|---|---|
| 1 | BA(78078)/2021 തീയതി 22.03.2021 | സുഗുണൻ താണിക്കൽ | 238.39 | സ്റ്റീൽ ഫർണിച്ചർ ഷെഡ് |
| 2 | BA(1717)/2021 തീയതി 14.08.2021 | ആന്റോ പി.എൽ, പതിയ പറമ്പിൽ | 304.74 | ഫാം |
| 3 | BA(127054)/2021 തീയതി 21.06.2021 | ബാസ്റ്റിൻ തോട്ടപ്പിള്ളി | 396.00 | പൗൾട്രി ഫാം |
| 4 | BA(78090)/2021 തീയതി 22.03.2021 | ജോസഫ് ബ്രഹ്മകുളത്ത് | 198.07 | പൗൾട്രി ഫാം |
| 5 | BA(307095)/2021 തീയതി 07.12.2021 | പോളി & കുഞ്ഞില | 332.10 | സിമന്റ് ബ്രിക്ക് നിർമ്മാണം |

ഫാമുകളുടെ കാര്യത്തിൽ KPBRറൂൾ 8(xiv) പ്രകാരം ബയോഗ്യാസ് / ഗോബർഗ്യാസ് പ്ലാൻറ് എന്നീ വ്യവസ്ഥ ഉറപ്പുവരുത്തിയ രേഖകളും ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/04.02.2023)

## 1-26 കെട്ടിട നിർമ്മാണം ക്രമവത്കരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

ഫയൽ നം. Sc3-6018/21

ഫാത്തിമ ,സെബിയ, ജുമൈല, സാജിത, നാസിർ മുതൽ പേരുടെ അപേക്ഷ പ്രകാരം താമസാവശ്യത്തിനുള്ള കെട്ടിട നിർമാണാനുമതി (തറവിസ്തീർണം- 136.71 ച.മീ) ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം (തീയതി രേഖപ്പെടുത്തിയിട്ടില്ല) കെട്ടിട നിർമാണം ഏകദേശം പൂർത്തീകരിച്ചതായും ഫ്ലോറിംഗ് നടക്കുകയാണെന്നും കെട്ടിടനിർമാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 08.09.21 ലെ Sc3-6018/21 നം കത്ത് പ്രകാരം പണി പൂർത്തീകരിച്ചതിനാൽ ക്രമവത്കരണ അപേക്ഷ സമർപ്പിച്ചാൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.ഫയലിൽ മറ്റ് തുടർ നടപടി വിവരങ്ങളില്ല. ടി കെട്ടിടം ക്രമവത്കരണം നടത്തിയതിന്റെയും ക്രമവത്കരണ ഫീസ് അടവാക്കിയതിന്റെയും നികുതി നിർണയിച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/04.02.2023)

## 1-27 ക്രമവത്കരിക്കുന്ന കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നില്ല

കേരള പപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 13/ 03.02.2023)

ഓഡിറ്റ് എൻക്വയറി നല്കിയതിന് മേൽ അപാകം പരിഹരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-28 ഒക്യുപൻസി സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്.

കേരളപഞ്ചായത്ത്രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20(3) പ്രകാരം പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചതിനുശേഷം നിർമാണമോ കൂട്ടിച്ചേർക്കലോ പെർമിറ്റിന് അനുസരിച്ചാണെന്ന് ബോധ്യപ്പെട്ടാൽ 15 ദിവസത്തിനു മുമ്പായി അനുബന്ധം F2 ഫോറത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനിന്റെ പകർപ്പും നൽകേണ്ടതാണ്. എന്നാൽ ഫയലുകളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകളില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് ഓൺലൈനായി എടുക്കാവുന്നതാണെന്നാണ് അറിയിച്ചത്. ടി സർട്ടിഫിക്കറ്റ് ഫയലിലും സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/ 03.02.2023)

## 1-29 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ല്യു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. പഞ്ചായത്തിൽ ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തുടർനടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു കൂടാതെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫയലുകളിൽ ചട്ടലംഘനമുള്ളവയ്ക്ക് നോട്ടീസ് നൽകിയവയിൽ അപാകത പരിഹരിക്കാത്ത കേസുകളിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/ 03.02.2023)

ഓഡിറ്റ് എൻക്വയറി നല്കിയതിന് മേൽ അപാകം പരിഹരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-30 ചട്ടപ്രകാരമുള്ള രീതിയിൽ യു.എ. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) - ചട്ടം 20 പ്രകാരം ഫോറം 10- ലുള്ള രജിസ്റ്ററിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ആയതിൽ നിയമലംഘനത്തിന്റെ തരം എഴുതി സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള രീതിയിൽ യു.എ. രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/ 03.02.2023)

## 1-31 ബിൽഡിംഗ് പെർമിറ്റ് ഫയൽ, അപേക്ഷാരജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടന്റ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ,കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, കെട്ടിടനിർമാണനിയമങ്ങളും മറ്റു അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദാംശങ്ങളും പെർമിറ്റ് അനുവദിക്കുന്നതു സംബന്ധമായ കൃത്യമായ ശുപാർശയും ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും അളന്നു തിട്ടപ്പെടുത്തുന്നതു സംബന്ധിച്ചും വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോയെന്ന് റിപ്പോർട്ട് ചെയ്യുണ്ടതാണ്. ഇതിനായി മാതൃകാ ഫോർമാറ്റ് തയ്യാറാക്കാവുന്നതും ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതുമാണ്.

പരിശോധിച്ച പെർമിറ്റ് ഫയലുകളിൽ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ, കെട്ടിട നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ.

എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/ 03.02.2023)

## 1-32 കല്ലേറ്റുംകര,ആളൂർ മേൽപ്പാലം-ലാമ്പ് പോസ്റ്റുകളുടെ പരിപാലനം ധന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

ഭരണ സമിതിയുടെ 12.11.2021 തീയതിയിലെ തീരുമാന പ്രകാരം കല്ലേറ്റുംകര മേൽപ്പാലത്തിലെ 70 ബോർഡുകൾ പ്രതിവർഷ വാടകയ്ക്ക് നൽകാൻ അപേക്ഷ ക്ഷണിച്ചിരുന്നു. ആയത് പ്രകാരം ലഭിച്ച ക്വട്ടേഷൻ പരിഗണിക്കുന്നതിനു മുമ്പായി നേരത്തെ ബോർഡും, വഴിവിളക്കും സ്ഥാപിച്ചിരുന്ന സ്ഥാപനം തുടർ പരിപാലന ചുമതല നിർവ്വഹിക്കുന്നതിനും പഞ്ചായത്ത് നിശ്ചയിച്ച തുക അടവാക്കുന്നതിനും തയ്യാറാണെന്ന് അറിയിക്കുകയും , ആളൂർ മേൽപ്പാലത്തിലും ചെയ്യുന്നതിന് നടപടി സ്വീകരിക്കാം എന്നറിയിച്ചതിനാൽ കൂടുതൽ പരിശോധനയ്ക്കായി അജണ്ട മാറ്റി വച്ചു (06.12.2021 തീയതിയിലെ 9/9 നമ്പർ തീരുമാനം )

ആളൂർ മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള വൈദ്യുത ലാമ്പുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിച്ചതായും, കല്ലേറ്റുംകര റെയിൽവേ മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള വൈദ്യുത ലാമ്പുകളുടെ ഇലക്ട്രിക്കൽ വർക്കുകൾ, പോസ്റ്റുകളിലെ പെയിന്റിംഗ്, മറ്റുള്ള അറ്റകുറ്റ പണികൾ എന്നീ ജോലികൾ ആരംഭിച്ചതായി 06.12.2021 ലെ കത്ത് പ്രകാരം 'ഷാ അഡ്വർടൈസേഴ്സ്, തളിക്കുളം' എന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം, 02.09.2013 തീയതിയിൽ ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1-ാം പാർട്ടിയായും ശ്രീ. നൂറുദ്ദീൻ ഷാ, ഷാ അഡ്വർടൈസേഴ്സ് 2-ാം പാർട്ടിയായും (കല്ലേറ്റുംകര മേൽപ്പാലം) 27.02.2017 തീയതിയിൽ ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1-ാം പാർട്ടിയായും ശ്രീ. നൂറുദ്ദീൻ ഷാ, ഷാ അഡ്വർടൈസേഴ്സ് 2-ാം പാർട്ടിയായും (ആളൂർ മേൽപ്പാലം) ഒപ്പിട്ട ഉഭയ സമ്മത കരാർ പ്രകാരം താഴെ ചേർക്കുന്ന നിബന്ധനകളിൽ ഒപ്പു വെച്ചിട്ടുണ്ട്.

1. കല്ലേറ്റുംകര മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലും 70 ലാമ്പ് പോസ്റ്റുകൾ 2-ാം പാർട്ടി സ്വന്തം ഉത്തരവാദിത്വത്തിൽ സ്ഥാപിക്കണം.
2. ലാമ്പ് പോസ്റ്റുകളുടെ നിർമ്മാണത്തിന് ആവശ്യമായി വരുന്ന എല്ലാ ചെലവുകളും ലാമ്പ് പോസ്റ്റുകളുടെ മേൽനോട്ടവും 2-ാം പാർട്ടിയുടെ ഉത്തരവാദിത്വമായിരിക്കും.
3. ലാംപ് പോസ്റ്റുകളിൽ അനുയോജ്യമായ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള പൂർണ്ണാവകാശം 2-ാം പാർട്ടിക്ക് മാത്രമായിരിക്കും.
4. കരാറിന്റെ കാലാവധി കരാർ തീയതി മുതൽ 25 വർഷത്തേക്കായിരിക്കും.
5. ലാംപ് പോസ്റ്റുകളിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ വില കെ.എസ്.ഇ.ബി. യിൽ അടവാക്കാനുള്ള ബാധ്യത 1-ാം പാർട്ടിക്കായിരിക്കും. പഞ്ചായത്തിന് വൈദ്യുതിയുടെ വില ഒഴികെ യാതൊരുവിധ ബാദ്ധ്യതയും ഉണ്ടാകാൻപാടുള്ളതല്ല.
6. കരാർ കാലാവധിക്കുള്ളിൽ ഏതു സമയത്തും ലാംപ് പോസ്റ്റുകളും പുതുക്കുന്നതിനും 2-ാം പാർട്ടിക്ക് പൂർണ്ണമായ അവകാശം ഉണ്ടായിരിക്കും.
7. പഞ്ചായത്ത് തലത്തിൽ നിന്നും പരസ്യ നികുതി ചുമത്താൻ പാടുള്ളതല്ല.

പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാത്ത രീതിയിലും വൈദ്യുത ചെലവ് വഹിക്കേണ്ട രീതിയിലും ദീർഘ കാലാടിസ്ഥാനത്തിൽ കരാർ ചമച്ചതിന്റെ ആധികാരികത വ്യക്തമാക്കേണ്ടതാണ്. കൂടാതെ 2013 വർഷത്തിൽ കരാർ ചമച്ചിട്ടും ലാമ്പുകളിൽ നാളിതുവരെ തുടർപരിപാലനം നടത്താത്തതിനാലാണ് പഞ്ചായത്ത് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതെന്നാണ് ഫയൽ പരിശോധനയിൽ നിന്നും ഭരണസമിതി തീരുമാനങ്ങളിൽ നിന്നും മനസ്സിലാകുന്നത്.

ക്വട്ടേഷൻ ലഭിച്ചതിൽ കല്ലേറ്റുംകര മേൽപ്പാലത്തിൽ സ്ഥാപിച്ചിട്ടുള്ള വിളക്കുകാൽ ഒന്നിന് 500/-രൂപ വെച്ച് ഓരോ വർഷവും ഗ്രാമപഞ്ചായത്തിൽ അടക്കാൻ തയ്യാറാണെന്ന് പ്രിന്റോ ഗ്രാഫിക്സ്, അഡ്വർടൈസിംഗ് ഇൻഡസ്ട്രീസ്, മാള എന്ന സ്ഥാപനം ക്വട്ടേഷൻ നല്കിയതിൽ അറിയിച്ചിട്ടുണ്ട്. ടി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ

ഫയൽ, നോട്ടീസ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടാതെ ടി ക്വട്ടേഷൻ പ്രകാരം വൈദ്യുത വിളക്കുകളുടെ പരിപാലനം, വൈദ്യുത ചാർജ് എന്നിവ പഞ്ചായത്ത് വഹിക്കേണ്ട രീതിയിലാണോ ക്വട്ടേഷൻ ക്ഷണിച്ചതെന്നും അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന് കല്ലേറ്റുംകര മേൽപ്പാലത്തിലും ആളൂർ മേൽപ്പാലത്തിലും സ്ഥാപിച്ച വൈദ്യുത വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ നാളിതു വരെ എത്ര തുക അടവാക്കിയെന്നും അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം 21 / 03.02.2023) ആളൂരിൽ മേൽപ്പാലം വന്ന സമയത്ത് വഴി വിളക്ക് സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കാനുള്ള സാമ്പത്തിക സ്ഥിതി പഞ്ചായത്തിന് ഉണ്ടായിരുന്നില്ലെന്നും ആയതിനാലാണ് ഇത് സംബന്ധിച്ച് 2013 ൽ കരാറിലേർപ്പെട്ടതെന്നും പരസ്യനികുതി ഒഴിവാക്കിയതു കൊണ്ടാണ് ആയതു ഒഴിവാക്കി പുതിയ കരാറിലേർപ്പെട്ടതെന്നും മറുപടി നൽകിയിട്ടുണ്ട്. കോവിഡ് സാഹചര്യം മൂലം പരസ്യ വരുമാനമില്ലാത്തതിനാലാണ് കരാറുകാരൻ പരിപാലന ചുമതല നിർവ്വഹിക്കാതിരുന്നതെന്നും ഈ സാഹചര്യത്തിലാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും മറുപടി നല്കിയിട്ടുണ്ട്. നിലവിലെ കേടുപാടുകൾ തീർക്കുന്നതിനു ടി തുക മതിയാകാത്ത സാഹചര്യമാണെന്നും തുടർന്നുള്ള പരിപാലന ചുമതല പഞ്ചായത്തിന്റെ ഉത്തരവാദിത്വമായി മാറുമെന്നാണ് മറുപടി നൽകിയിട്ടുണ്ട്.

ടി പോസ്റ്റുകളിൽ നിന്നുള്ള വൈദ്യുത ചെലവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ടി വിഷയത്തിൽ ധന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി നം : 21/2022
പദ്ധതിയുടെ പേര് : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക : 300000/-
ചെലവ് തുക : 300000/-

മേൽ പദ്ധതിയിൽ ഹോംകോയ്ക്ക് ട്രഷറി ബിൽ നം : 2/22.10.2021 പ്രകാരം 300000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ 211586/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 88414/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.3/30-1-2023) .

## 1-34 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല .

2021-22വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം . 01 /28.01.2023)

| പദ്ധതി നം./പേര് | ബിൽ നം. | തുക | അപാകത |
|---|---|---|---|
| ഐ.കെ.എം വിഹിതം നൽകൽ,01/22 | 05/21-22 /25.06.2021 | 116533/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല . |
| ക്യാൻസർ രഹിത തൃശ്ശൂർ,49/22 | 20/21-22 /19.01.2022 | 100000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| എ.ബി.സി,51/22 | 06/21-22 /06.07.2021 | 210000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| എസ്.എസ്.കെ,48/22 | 09/21-22 /27.08.2021 | 1000000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| ജൽജീവൻ മിഷൻ,84/22 | 22/21-22 /24.01.2022 | 500000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

| | | | |
|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കലും പുതിയത് സ്ഥാപിക്കലും,100/22 | 22101199/11.03.2022 22101200/11.03.2022 | 955000/- 319745/- | തുക KSEB ഇരിങ്ങാലക്കുടയ്ക്കും കൊടകരയ്ക്കും ആണ് നൽകിയിട്ടുള്ളത്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| കൊമ്പൊടിഞ്ഞാമാക്കൽ ബി.ആർ.സി കെട്ടിടത്തിൽ ടോയലറ്റ് നിർമ്മാണം,202/22 | 22101121/18.08.2021 | 126000/- | തുക കോസ്റ്റ്ഫോർഡിനാണ് നൽകിയിട്ടുള്ളത്.നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല. |

## 1-35 എസ്.എസ്.എ.വിഹിതം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി.

എസ്.എസ്.കെ വിഹിതം,48/22

വൗച്ചർ.നം.22101414/18.08.2022-1000000/-

എസ്.എസ്.കെ വിഹിതമായി ഗ്രാമപഞ്ചായത്ത് തൻവർഷം 1000000/- രൂപ എസ്.എസ്.എ -ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മാള BRC -യുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 19.902 ലക്ഷം രൂപയാണ്. ആയതിന്റെ 40% വിഹിതം മാത്രമാണ് ഗ്രാമപഞ്ചായത്ത് കൈമാറേണ്ടത്. ആയത് പ്രകാരം നൽകേണ്ടതുക 7.9608 ലക്ഷം രൂപയാണ്. ബാക്കി തുക 2.0392 ലക്ഷം രൂപ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 02/28.01.2023)

## 1-36 ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം:പണി പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ.ആളൂർ(സർക്കിൾ) നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ താഴെ പറയുന്ന പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 14 /03.02.2023)

| പദ്ധതി നം./പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|
| | | തിയതി | തുക | |
| ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം,(ജനറൽ)50/22 | 400000/- | 08.11.2021 | 300000 | നജ്മുന്നിസ ഷഫീക്ക് |
| | | 19.03.2022 | 350000 | ജമാൽ പുത്തൻപുരയ്ക്കൽ |
| | | 19.03.2022 | 300000 | റസിയ പതിയാരത്ത് പറമ്പിൽ |
| ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം,(എസ്.സി)115/22 | | 08.11.2021 | 200000 | ആശ വല്ലത്തുപറമ്പിൽ |
| ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം, | | 08.12.2021 | 40000 | ജയൻ വാര്യക്കാടൻ |

(ജനറൽ)57/22

## 1-37 തൊഴിലുറപ്പ് പദ്ധതിയിൽ - ഭൂവസ്ത്രം വിനിയോഗം സംബന്ധിച്ച്

ഈ സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾക്കായി 12300 സ്ക്വയർ മീറ്റർ ഭൂവസ്ത്രം 904058/-രൂപയ്ക്ക് കയർ കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നമ്പർ 20/03.02.2022ന് ലഭിച്ച മറുപടി പ്രകാരം കയർ ഭൂവസ്ത്രം ഇങ്ങനെ വാങ്ങുമ്പോൾ അതിന്റെ തുകയെക്കുറിച്ചോ, ഗുണനിലവാരത്തെ കുറിച്ചോ യാതൊരു പരിഗണനയും കണക്കിലെടുക്കുന്നില്ല എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.
വലിയതുകയ്ക്ക് ഇത്തരം സാധനങ്ങൾ പദ്ധതിക്ക് വേണ്ടി വാങ്ങുമ്പോൾ ഗുണനിലവാരമോ തുകയോ കണക്കിലെടുക്കാതിരിക്കുന്നത് തികച്ചും അഭികാമ്യമല്ല എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-38 വെള്ളക്കരം കുടിശ്ശിക

വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 12/2-02-22 ന് ലഭിച്ച മറുപടി പ്രകാരം 21-22 സാമ്പത്തിക വർഷത്തിൽ 3559620/-രൂപ വാട്ടർ അതോറിറ്റിക്ക് അടച്ചിട്ടുണ്ടെന്നും ഇനിയും കുടിശ്ശികയായി 47421011/-രൂപകുടിശ്ശികയുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് 05.09.2022ൽ സംയുക്ത പരിശോധന നടത്തിയതു പ്രകാരം പഞ്ചായത്തിൽ 615 പൊതു ടാപ്പുകൾ ഉണ്ടെന്നും ഇതിനായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്നുംസൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്രയും വലിയ തുക സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടും ഭീമമായ തുക കുടിശ്ശിക വന്നിരിക്കുന്നത് സംബന്ധിച്ച് വിശദമായറിപ്പോർട്ട് ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്എന്നും അറിയിച്ചിട്ടുണ്ട്.കുടിശ്ശികസംബന്ധിച്ച് യഥാർത്ഥസ്ഥിതി ഉറപ്പുവരുത്തേണ്ടതും വാട്ടർഅതോറിറ്റിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുമാണ്.

## 1-39 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം.

ആളൂർ ഗ്രാമപഞ്ചായത്തിലെ, സാമൂഹ്യ സുരക്ഷാപെൻഷൻ ഫയൽ പരിശോധനയിൽ, സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം വർഷങ്ങളോളം, ഈ ഗുണഭോക്താവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ നിൽക്കുന്നതായും, ടിയാളുടെ എക്കൗണ്ടിലേക്ക് പെൻഷൻ തുക വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കൾക്ക് ആളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ,മരണ സർട്ടിഫിക്കറ്റ്, മരണം നടന്ന് അധികം താമസിയാതെ തന്നെ നൽകിയിട്ടുണ്ട് എങ്കിലും, പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താവിന്റെ പേര് നീക്കം ചെയ്യുന്നതിൽ പിന്നെയും കാലതാമസം നേരിടുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സാമൂഹ്യ സുരക്ഷാപെൻഷൻ തരം | മരണം നടന്ന തിയതി | മരണസർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ചാത്തൻ.പി.സി,പൊറുത്തുക്കാരൻ | വാർദ്ധക്യകാല പെൻഷൻ | 10-3-2019 | ആളൂർ ഗ്രാമപഞ്ചായത്ത്-80/2019,dt.22-3-2019 | 9/22 വരെ ഡാറ്റാബേസിൽ കാണുന്നുണ്ട്. |
| ജാനു,കണ്ണത്ത് ഹൗസ് | കർഷകതൊഴിലാളി പെൻഷൻ | 14-3-19 | ആളൂർ ഗ്രാമപഞ്ചായത്ത്-84/19,dt.4-4-2019 | 9/22 വരെ ഡാറ്റാബേസിൽ കാണുന്നുണ്ട്. |
| വേലായുധൻ,തന്താമ്പിള്ളി | കർഷകതൊഴിലാളി പെൻഷൻ | 22-12-2018 | ആളൂർ ഗ്രാമപഞ്ചായത്ത്-3/2019,4-1-2019 | 9/22 വരെ ഡാറ്റാബേസിൽ കാണുന്നുണ്ട്. |
| മോനിക്ക,കറുകുറ്റിക്കാരൻ | വിധവാ പെൻഷൻ | 14-12-2018 | ആളൂർ ഗ്രാമപഞ്ചായത്ത്-4/2019,4-1-2019 | 9/22 വരെ ഡാറ്റാബേസിൽ കാണുന്നുണ്ട്. |

ധനകാര്യ വകുപ്പിന്റെ, 23-9-20ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യകുപ്പിന്റെ 5-11-20ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്.

മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യാൻ കാലതാമസം നേരിട്ടതിന്റെ കാരണം ഓഡിറ്റിന് വ്ക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/03.02.2023)

### 1-40 പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.153/22, കുഴൽ കിണർ നിർമാണവും അനുബന്ധസൗകര്യങ്ങളും (ബി ആർ സി കോമ്പൗണ്ട്, ആയുർവേദ ആശുപത്രി, കണ്ണിക്കര ഇന്റസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട്)

മേൽ പ്രവർത്തികൾക്കായി, ബിൽ നം.31/21-22,dt.25-11-21 പ്രകാരം,87615/രൂപാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിലേക്ക് അടവാക്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.17/03.02.2023) മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാക്കി ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-41 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എ

ന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ അസി.എഞ്ചിനീയർ നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.225/22, ആയുർവേദഹോസ്പിറ്റൽ ഒന്നാം നില എക്സ്റ്റൻഷൻ വർക്ക്- വൈദ്യുതീകരണം എന്ന പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്, എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി നൽകുന്നതിന് പകരം, എസ്റ്റിമേറ്റ് തുക+ 12% ജി എസ് ടി യുടെ 4% ആണ് പ്രതിഫലമായി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നൽകാവുന്ന തുക(എസ്റ്റിമേറ്റ് തുകയുടെ 4%) | നൽകിയത് (എസ്റ്റിമേറ്റ് തുക + 12% ജി എസ് ടി) | അധികം നൽകിയത് | വൗച്ചർ നം/തിയതി |
|---|---|---|---|---|
| 225/22 ആയുർവേദഹോസ്പിറ്റൽ ഒന്നാം നില എക്സ്റ്റൻഷൻ വർക്ക്-വൈദ്യുതീകരണം | 330290.70x4% =13212 | 330290.70+39634.88= 369925.58<br>369925.58x4%= 14797 | 1585 | 58/21-22, Dt.,27-3-22,, Amt 372770/ |

അധിക തുക നൽകിയത് ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19/03.02.2023)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രോജക്ടുകളിൽ തുക ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം മാത്രം ഇവിടെ ചേർത്താൽ മതിയാകും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ | പ്രൊജക്ടിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1000000 | 2 | സമഗ്ര നെൽകൃഷി വികസനവും കൂലിചിലവ് സബ്സിഡി നെൽകലും | 652878 | 347122 |
| | 2021-22 | 262500 | 38 | പ്രത്യേക കന്നുകുട്ടി പരിപാലനം | 212500 | 50000 |
| | 2021-22 | 1600000 | 50 | ലൈഫ് പദ്ധതി-(ജനറൽ) | 760000 | 840000 |
| | 2021-22 | 700000 | 55 | സുഭിക്ഷ കേരളം -തരിശുരഹിത ഗ്രാമം | 0 | 700000 |
| | 2021-22 | 1000000 | 57 | ലൈഫ് പദ്ധധിലൈഫ് (എസ് സി) | 870000 | 130000 |
| | 2021-22 | 200000 | 60 | പാലിന് സബ്സിഡി | 200000 | 0 |
| | 2021-22 | 525000 | 63 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ് ക്കോളർഷിപ്പ് | 525000 | 0 |
| | 2021-22 | 500000 | 70 | വാഴകൃഷിക്ക് കുമ്മായം ജൈവവളം വിതരണം | 0 | 500000 |
| | 2021-22 | 200000 | 98 | കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 200000 |
| | 2021-22 | 476259 | 111 | പടുതാക്കുളങ്ങളിൽ മത്സ്യക്കൃഷി | 192336 | 283923 |
| | 2021-22 | 600000 | 114 | ലൈഫ് പദ്ധതി-(ജനറൽ) | 0 | 600000 |
| | 2021-22 | 0 | 115 | ലൈഫ് പദ്ധതി (എസ് സി) | 0 | 0 |
| | 2021-22 | 500000 | 140 | കുഴിക്കാട്ടുശ്ശേരി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം വാർഡ് 12 | 475488 | 24512 |
| | 2021-22 | 200000 | 151 | എസ് സി കമ്മ്യൂണിറ്റിഹാളുകൾക്ക് | 0 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സൗണ്ട് സിസ്റ്റം ഫർണീച്ചർ വാങ്ങൽ | | |
| | 2021-22 | 550500 | 211 | ജലരക്ഷ-ജീവരക്ഷ-ജലസമൃദ്ധി-പൊരുന്നചിറപുനരുദ്ധാരണം വാർഡ്20 | 0 | 550500 |
| | 2021-22 | 190000 | 214 | ജലരക്ഷ-ജീവരക്ഷ-ജലസമൃദ്ധി-പന്തലിച്ചിറ | 0 | 190000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | 2 | സമഗ്ര നെൽകൃഷി വികസനവും കൂലിചിലവ് സബ്സിഡി നെൽകലും | 343800 | 156200 |
| | 2021-22 | 400000 | 35 | ബാലസൗഹൃദ പഞ്ചായത്ത് - അംഗൻവാടി പോഷകാഹാരം | 0 | 400000 |
| | 2021-22 | 3200000 | 50 | ലൈഫ് പദ്ധതി-(ജനറൽ) | 450000 | 2750000 |
| | 2021-22 | 2510800 | 57 | ലൈഫ് പദ്ധധിലൈഫ് (എസ് സി) | 1060000 | 1450800 |
| | 2021-22 | 150000 | 60 | പാലിന് സബ്സിഡി | 150000 | 0 |
| | 2021-22 | 800000 | 63 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ് ക്കോളർഷിപ്പ് | 656900 | 143100 |
| | 2021-22 | 200000 | 71 | ഭിന്നശേഷിക്കാർക്ക് ഉപകരണം | 0 | 200000 |
| | 2021-22 | 200000 | 95 | പാലിയേറ്റീവ് കെയർ | 0 | 200000 |
| | 2021-22 | 300000 | 98 | കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 300000 |
| | 2021-22 | 150000 | 112 | പാലിയേറ്റീവ് കെയർ | 150000 | 0 |
| | 2021-22 | 182000 | 113 | സാന്ത്വന പരിചരണം | 180000 | 2000 |
| | 2021-22 | 4657455 | 114 | ലൈഫ് പദ്ധതി-(ജനറൽ) | 460000 | 4197455 |
| | 2021-22 | 1953800 | 115 | ലൈഫ് പദ്ധതി (എസ് സി) | 400000 | 1553800 |
| | 2021-22 | 3000000 | 140 | കുഴിക്കാട്ടുശ്ശേരി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം വാർഡ് 12 | 3000000 | 0 |
| | 2021-22 | 445220 | 146 | ആനത്തോട്ടും ഒരപ്പൻതോട്ടും സംരക്ഷണം | 430884 | 14336 |
| | 2021-22 | 369751 | 160 | കദളിച്ചിറ ക്ലീനിംഗ് & പ്രൊട്ടക്ഷൻ വർക്ക്, വാർഡ് 5 | 367274 | 2477 |
| | 2021-22 | 500000 | 161 | കദളിചിറയിൽ പമ്പ് ഹൗസ് നിർമ്മാണംവാർഡ് 5 | 0 | 500000 |
| | 2021-22 | 856720 | 164 | പറയൻതോട് വൃത്തിയാക്കൽ | 856720 | 0 |
| | 2021-22 | 1000000 | 204 | മാനാട്ടുകുന്ന് | 0 | 1000000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കമ്മ്യൂണിറ്റിഹാൾ നവീകരണം | | |
| | 2021-22 | 1500000 | 205 | പതിക്കാട് എസ് സി കമ്മ്യൂണിറ്റിഹാൾ നവീകരണം | 0 | 1500000 |
| | 2021-22 | 1500000 | 212 | കാട്ടാംതോട് എസ് സി കമ്മ്യൂണിറ്റിഹാളിന് സ്ഥലം വാങ്ങൽ | 0 | 1500000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | | പ്രവർത്തിയുടെ പേര് | വൌച്ചർ നം./ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 84 | ജൽജീവൻ മിഷൻ രണ്ടാം ഘട്ടം - വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ | RBI0252269399617 /31.03.2022 | 500000 | 500000 | 330750 |
| KSEB | 100 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയത് സ്ഥാപിക്കലും | XVFC/2021-22/22/P/13/31.03.2022 | 4279750 | 4279750 | 0 |
| GWD | 153 | കുഴൽ കിണർ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും (ബി അർ സി കോമ്പൗണ്ട് , ആയുർവ്വേദ ആശു പ ത്രി , കണ്ണിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട് ) | 212301520061006944 69/24.11.2021 | 87615 | 87615 | 60985 |
| GWD | 220 | ടേക്ക് എ ബ്രേക്ക് ബി ആർ സി കെട്ടിടം കുഴൽകിണർ മോട്ടോർ | TRN-212301000000009622/24.11.2021 | 54200 | 54200 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | തൻവർഷം എടുത്ത വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം HUDCO | സ.ഉ(സാധാ)നം. 43/2020/1.1.21 /ത.സ്വ.ഭ.വ | | 4040320 | 1774667 | 0 | 2265653 |

## 4-5 സ്ഥിരനിക്ഷേപം

| | | |
|---|---|---|
| മ്യൂച്ചൽ ഫണ്ട് നിക്ഷേപം | 5891 | |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 22489848 | |
| തൻവർഷം നിക്ഷേപിച്ച തുക | 23124832 | 4055912(പലിശ) |
| ആകെ | 45620571 | 4055912(പലിശ) |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 45620571 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.
സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135927527.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 147734512.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

-

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 98-99<br>ചെലവ് | LFT.13-58/01<br>Dt.10.04.2001 | 1 | 30 | |
| 2 | 2000-01<br>2001-02<br>ജനകീയാസൂത്രണം | LFT.13-1544/03<br>Dt.1.3.2004 | 4 | 7, 10, 11, 13 | (10,11,13 CASE) |
| 3 | 2002-03 | LFT.13-640/08<br>Dt.5.11.08 | 4 | 3-4, 3-7, 3-5, 3-6 | |
| 4 | 2003-04 | LFT.13-11/09<br>Dt.21.12.09/<br>26.3.10 | 3 | 3-3(2), 3-3(3), 3-12 | 3-3(2) CAR |
| 5 | 2004-05 | LFT.13<br>Dt.21.12.09/<br>26.03.10 | 3 | 3-2, 3-5, 3-6 | |
| 6 | 2005-06 | LFT.13-1036/09<br>Dt.17.9.2010/<br>5.7.11 | 1 | 3-3 | |
| 7 | 2006-07 | LFT.13-879/09<br>Dt.17.09.2010/<br>5.7.2011 | 1 | 3-5 | |
| 8 | 2007-08 | LFT.P14-693/11<br>Dt.30.12.11/<br>18.5.12 | 5 | 3-6, 3-8, 3-9, 3-10<br>(39, 40, 41, 42, 43,<br>44, 45, 46, 47, 48,<br>49, 50, 51, 52, 53, 54)<br>3-10<br>(78,79,80,81,82)<br>3-11 | |

| | | | | | |
|---|---|---|---|---|---|
| 9 | 2008-09 | LFT.P14-1011/12 Dt.6.9.12/ 2.3.13 | 3 | 3-1, 3-2, 3-3, | |
| 10 | 2009-2010 | LFT.P4-1012/12 Dt.6.9.12/ 2.3.13 | 11 | 2-2, 3-2,3-4,3-5, 3-6,3-7,3-8,3-9, 3-11,3-12,3-13 | 3-8 (CAR) 3-11 (CAR) 3-12 (CAR) 3-13 (CAR) |
| 11 | 2010-11 | LFT.P4-1013/12 Dt.6.9.12/ 2.3.13 | 7 | 2-3, 2-4, 3-1, 3-2, 3-3, 3-4, 3-7 | 3-1(CAR) |
| 12 | 2011-12 | LFT.P4-1169/13 Dt.9.1.14/ 4.3.14 | 13 | 2-5, 3-1, 3-7, 3-8, 3-9, 3-10, 3-11, 3-12,3-13, 3-14, 3-15, 3-16, 3-18 | |
| 13 | 2012-13 | LFT.P4-585/14 Dt.7.5.14 4.7.14 | 14 | 3-1, 3-7, 3-10, 3-12, 3-13, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-25 | |
| 14 | 2013-14 | LFT.P4-1885/14 Dt.5.2.15 11.2.15 | 3 | 2-5, 3-9, 3-11 | |
| 15 | 2014-15 | KSATSR.P4-925/16 Dt.16.02.2016 | 1 | 3-6 | |
| 16 | 2015-16 | KSATSR.P4-1995/16 Dt.22.11.2016 | 3 | 3-1, 3-5, 3-9 | |
| 17 | 2016-17 | KSATSR.P4-1324/17 Dt.2.11.17 | 3 | 3-3, 3-5, 3-8(3,5,6) | |
| 18 | 2017-18 | KSATSR.P4-340/2019 Dt.27.02.2019 | 7 | 2-5, 3-2, 3-3, 3-6, 3-7, 3-12, 3-13 | |
| 19 | 2018-19 | KSATSR.P4-1049/2019 Dt.08.08.2019 | 18 | 1-10,1-12,2-1 മുതൽ 2-9 വരെ,3-1 മുതൽ 3-7 വരെ | |
| 20 | 2019-20 | KSATSR.P1-968/2022 Dt.04.07.2022 | 29 | 1-09 മുതൽ 1-37 വരെ | |
| 21 | 2020-21 | KSATSR.P1-1149/2022 | 28 | 1-10 മുതൽ 1-36 | |

| | | | | | |
|---|---|---|---|---|---|
| | | Dt.27.07.2022 | | വരെ,3-1 | |
| | ആകെ | | 162 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്